## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1475

14-12-2012 ലെ മറുപടിക്ക്.

### കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന തുക

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. വി. ശശി. | ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി. |
| (എ) പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) പട്ടിക വർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നിവയ്ക്ക് 2011-12 ൽ കേന്ദ്ര സർക്കാർ നീക്കി വെച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) ക്ക് വേണ്ടി 11.36 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) ക്ക് വേണ്ടി 39.58 കോടി രൂപയുമാണ് 2011-12 ൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനായി നീക്കി വച്ചത്. |
| (ബി) ഇതിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാന സർക്കാരിന് പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) മുഖേന 11.36 കോടി രൂപയും പട്ടിക വർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) മുഖേന 39.58 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |
| (സി) സംസ്ഥാനങ്ങൾക്ക് തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സ്വീകരിച്ചു പോരുന്ന മാനദണ്ഡങ്ങൾ എന്താണെന്നും, അതനുസരിച്ച് പരമാവധി തുക സംസ്ഥാനത്തിന് ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ, സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ, വാർഷിക പദ്ധതിയിലുള്ള എസ്.സി.പി. / റ്റി.എസ്.പി.യുടെ വിഹിതം, സംസ്ഥാന പദ്ധതികൾക്കു വേണ്ടി പരിഗണിച്ചിട്ടുള്ള പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുടെ അനുപാദത്തിന്റെ അടിസ്ഥാനം എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സംസ്ഥാനസർക്കാർ പുതിയ പദ്ധതി നിർദ്ദേശങ്ങളോടൊപ്പം സമയബന്ധിതമായി ഉപയോഗിക്കലിന്റെയും അടിസ്ഥാന |

ത്തിൽ ലഭ്യമാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും നൽകി പരമാവധി തുക ലഭിച്ചിട്ടു ണ്ട്. കൂടാതെ ഇത്തരം മാനദണ്ഡ ങ്ങൾ പരിഗണിച്ച് പട്ടികവർഗ്ഗ ഉപപ ദ്ധതിയ്ക്കായുള്ള പ്രത്യേക കേന്ദ്ര സഹായത്തിൽ ഉൾപ്പെടുത്തി പ്രോത്സാഹന ഗ്രാന്റായി 2007-2008, 2010-11, 2011-12 എന്നീ വർഷങ്ങളിൽ യഥാക്രമം 47.36 ലക്ഷം, 90.00 ലക്ഷം, 92.00 ലക്ഷം രൂപയും ലഭ്യ മായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ 5 വർഷക്കാലം കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ? | (ഡി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**